# തീവ്രവാദികളോട് ഗുണകാംക്ഷയോടെ...

**എം. എം. അക്ബർ**

പ്രകൃതിമതമാണ് ഇസ്‌ലാം; മനുഷ്യപ്രകൃതിയോട് പൂർണമായി പൊരുത്തപ്പെടുന്ന ദർശനം. പ്രകൃതിവിരുദ്ധമായ നിർദേശങ്ങളൊന്നും ഇസ്‌ലാമിലില്ല. ഏകദൈവാരാധനയും പരലോകബോധവും ദൈവികമാർഗദർശന പ്രകാരമുള്ള ജീവിതവും സ്വച്ഛമായ മനുഷ്യപ്രകൃതിയുടെ സ്വാഭാവികമായ തേട്ടങ്ങളാണ്. പ്രകൃതിയുടെ തേട്ടങ്ങളോട് പുറംതിരിഞ്ഞു നിൽക്കാൻ മനുഷ്യരെ പ്രേരിപ്പിക്കുന്നത് പിശാചാണ്. പൈശാചിക പ്രലോഭനങ്ങളിൽ നിന്ന് രക്ഷപ്പെട്ടുകൊണ്ട് പ്രകൃതിയുടെ തേട്ടങ്ങളോട് സൃഷ്ടിപരമായി പ്രതികരിക്കുവാനാണ് ഇസ്‌ലാം ആവശ്യപ്പെടുന്നത്. അതിരുകവിഞ്ഞ ആത്മീയതയും ജീർണമായ ഭൗതികതയും മനുഷ്യപ്രകൃതിയുമായി പൊരുത്തപ്പെടുന്നതല്ല. ആത്മീയതയുടെ പേരിൽ ജീവിതനിഷേധം പഠിപ്പിക്കുന്ന മതാശയങ്ങളെ ഇസ്‌ലാം തിരസ്കരിക്കുന്നു.‘‘മതത്തിൽ അതിരുകവിയരുത്’’ (4:171) എന്നാണ് ഖുർആനിന്റെ അനുശാസന. ‘അതിരു കവിയൽ ആപത്താണെന്നും അതാണ് പൂർവസമുദായങ്ങളെ നശിപ്പിച്ചതെന്നും’ അന്തിമ പ്രവാചകൻ മുന്നറിയിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. തന്റെ സമുദായത്തിൽ ഉണ്ടാകുവാൻ പോകുന്ന തീവ്രവാദത്തെക്കുറിച്ചും അത്തരം തീവ്രവാദികൾ മതത്തിൽ നിന്ന് പുറത്തുപോകുന്നവരായിരിക്കുമെന്നുമെല്ലാം മുഹമ്മദ് നബി(സ) പ്രവചിച്ചതായി കാണാൻ കഴിയും.

മുഹമ്മദ് നബി(സ)ക്കു ശേഷം മുസ്‌ലിം ലോകത്ത് ഭിന്നിപ്പ് ഉദ്ഘാടനം ചെയ്തവർ പ്രവാചക വചനത്തിന്റെ പൂർത്തീകരണമെന്നോണം ഖുർആൻ വചനങ്ങളെ ദുർവ്യാഖ്യാനിച്ചു കൊണ്ടാണ് തങ്ങളുടെ ആശയപ്രചാരണത്തിന് ശ്രമിച്ചത്. അവിടെനിന്ന് ഇന്നോളമുണ്ടായിട്ടുള്ള വ്യതിയാനക്കാരെല്ലാം ഖുർആനും സുന്നത്തുമാകുന്ന പ്രമാണങ്ങളെ സന്ദർഭത്തിൽ നിന്ന് അടർത്തിയെടുത്ത് അവതരിപ്പിച്ചും തങ്ങൾ നേരത്തെത്തന്നെയുണ്ടാക്കിയ ആശയങ്ങൾക്കനുസൃതമായി പ്രമാണങ്ങളെ വിളക്കിച്ചേർത്തും കൊണ്ടാണ് മുസ്‌ലിംലോകത്ത് നിലനിന്നത്. ഇസ്‌ലാമിക പ്രമാണങ്ങളെ മനസ്സിലാക്കുവാൻ പ്രയോഗിക്കേണ്ട മാനദണ്ഡമെന്തായിരിക്കണമെന്ന ഗൗരവതരമായ ചർച്ചകൾക്ക് പണ്ഡിതലോകം സാക്ഷ്യം വഹിച്ച സാഹചര്യമിതായിരുന്നു. ഒരോരുത്തരും അവരവർക്ക് തോന്നിയ രൂപത്തിൽ പ്രമാണങ്ങളെ മനസ്സിലാക്കുകയാണോ അതല്ല അവയെ മനസ്സിലാക്കുന്നതിനായി നിയതമായ വല്ല രീതിശാസ്ത്രവുമുണ്ടായിരിക്കേണ്ടതുണ്ടോ എന്നതാണ് കാതലായ പ്രശ്നം. ഓരോരുത്തരും അവരവർക്ക് തോന്നിയ രീതിയിൽ പ്രമാണങ്ങളെ മനസ്സിലാക്കുകയും തങ്ങൾ മനസ്സിലാക്കിയ രീതിയിൽ കടമകൾ അനുഷ്ഠിക്കുകയും ചെയ്താൽ ഓരോരുത്തർക്കും അവരവരുടേതായ ‘സ്വകാര്യമതം’ ഉണ്ടാവുകയായിരിക്കും ഫലം. മുഹമ്മദ് നബി(സ)യിൽ നിന്ന് നേർക്കുനേരെ മതം പഠിച്ചവരാണ് സ്വഹാബിമാർ. അല്ലാഹുവിന്റെ സംതൃപ്തിക്കു പാത്രമായവർ എന്ന് ഖുർആൻ തന്നെ പറഞ്ഞിട്ടുള്ളവർ. ഉത്തമതലമുറകളെന്ന് പ്രവാചകനാൽ വിശേഷിപ്പിക്കപ്പെട്ടവരാണ് ആദ്യത്തെ മൂന്ന് തലമുറകളിലുള്ളവർ. അല്ലാഹുവിന്റെയും ദൂതന്റെയും അംഗീകാരം ലഭിച്ചിട്ടുള്ള ആദിമതലമുറകളിലുള്ളവർ പ്രമാണങ്ങളെ മനസ്സിലാക്കുവാ ൻ സ്വീകരിച്ച രീതിശാസ്ത്രം തന്നെയായിരിക്കണം എക്കാലഘട്ടത്തിലെയും വിശ്വാസികൾ അനുധാവനം ചെയ്യേണ്ടതെന്ന് പറയുന്നത്, അത് അല്ലാഹുവിന്റെയും അന്തിമപ്രവാചകന്റെയും അംഗീകാരത്തിന് പാത്രമായതുകൊണ്ടാണ്. പ്രമാണങ്ങളെ മനസ്സിലാക്കുവാനും അനുധാവനം ചെയ്യുവാനും ആദിമ തലമുറക്കാർ സ്വീകരിച്ച രീതിശാസ്ത്രം തന്നെ നിഷ്കൃഷ്ടമായി അനുധാവനം ചെയ്യുവാൻ നാം സന്നദ്ധരായാൽ യാതൊരുവിധ വ്യതിയാനങ്ങൾക്കും പിന്നെ നമ്മെ സ്വാധീനിക്കാൻ ആവില്ല. വ്യതിയാനങ്ങൾ മതത്തിൽ നിന്ന് പുറംതള്ളപ്പെടുന്ന പരിണിതിയിലെത്താതിരിക്കുവാൻ ഈയൊരു രീതിശാസ്ത്രത്തിൽ തന്നെ അള്ളിപ്പിടിക്കുകയാണ് വിശ്വാസികൾ ചെയ്യേണ്ടത്.

ഇസ്‌ലാമിക സമൂഹത്തെ മാർഗഭ്രംശങ്ങളിലേക്ക് വ്യതിചലിപ്പിച്ചത് തീവ്രവാദമായിരുന്നുവെന്ന് നാം മനസ്സിലാക്കി. തീവ്രവാദം ഇസ്‌ലാമിൻെറയോ മുസ്‌ലിംകളുടെയോ സൃഷ്ടിയല്ല; പ്രത്യുത ശത്രുക്കളുടെ മസ്തിഷ്കത്തിൽ നിന്നാണ് ഉയിർകൊള്ളുന്നതെന്ന് ചരിത്രത്തിലൂടെ സൂക്ഷ്മാന്വേഷണം നടത്തിയാൽ ബോധ്യമാകും. ‘മുസ്‌ലിംകൾ ഭീകരരാണ്’ എന്ന പ്രമാണത്തിനു പിന്നിൽ ഇസ്‌ലാമിൻെറ ശത്രുക്കളാണെന്ന കാര്യത്തിൽ പക്ഷാന്തരമില്ല. അപ്പോൾ പിന്നെ മുസ്‌ലിംകളെ ഭീകരരാക്കുവാൻ ബോധപൂർവം പരിശ്രമിക്കുന്നവരോ? ഇസ്‌ലാമിൻെറ ശത്രുക്കളോ, അവരുടെ കയ്യിലെ പാവകളോ, അറിയാതെ അവരുടെ കയ്യിലകപ്പെട്ട ഇരകളോ ആണ് മുസ്‌ലിംകളെ തീവ്രവാദികളാക്കുവാൻ ശ്രമിക്കുന്നതെന്ന് വ്യക്തം. മുസ്‌ലിംകളെ ഭീകരരാക്കിത്തീർക്കുവാൻ ശ്രമിക്കുന്നവർ അതുമൂലം രണ്ടുതരം നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നത്. ഒന്ന്, ഇസ്‌ലാമി

കാദർശങ്ങൾ ഭീകരവാദപരവും പ്രാകൃതവുമാണെന്ന് ലോകത്തെ തെറ്റിദ്ധരിപ്പിക്കുകയും അതുവഴി ഇസ് ലാമിനെക്കുറിച്ച ഗൗവരതരമായ പഠനങ്ങളിൽനിന്ന് ബുദ്ധിജീവികളെ അകറ്റി നിർത്തുകയും ചെയ്യുക. രണ്ട്, ഇസ്‌ലാമിക പ്രബോധനത്തിനും സമൂഹത്തിന്റെ സൃഷ്ടിപരമായ പുരോഗതിക്കും വേണ്ടി ഉപയോഗിക്കപ്പെടേണ്ട മുസ്‌ലിം യുവാക്കളുടെ ഊർജത്തെയും ധിഷണയെയും കലുഷിതമാക്കിത്തീർത്ത് നിർവീര്യമാക്കുകയും മുസ്‌ലിംകളെ  ആത്മഹത്യാസ്ക്വാഡുകളാക്കിത്തീർക്കുകയും ചെയ്യുക. മുസ്‌ലിം യുവതയുടെ മനസ്സിൽ തീവ്രവാദത്തിന്റെ വിത്തുകൾ മുളപ്പിക്കുവാൻ ശ്രമിക്കുന്നവർ അറിഞ്ഞോ അറിയാതെയോ ശത്രുവിന്റെ ഇരകളായിത്തീരുവാൻ മുസ്‌ലിംകളെ ഒരുക്കുകയാണ് ചെയ്യുന്നത്. തീവ്രവാദത്തിനും ഭീകരവാദത്തിനുമെതിരെയുള്ള പോരാട്ടം ഇസ്‌ലാമികപ്രബോധനത്തിന്റെ ഭാഗമായിത്തന്നെ നിർവഹിക്കപ്പെടേണ്ടതാണെന്നു പറയുന്നത് അതുകൊണ്ടാണ്. ഭീകരവാദികളെ വളർത്തുന്നവർക്ക് ഏറെ വെറുപ്പുള്ളത് പ്രബോധനപ്രവർത്തനങ്ങളോടാണ്. സമുദായത്തെ ഭീകരവൽകരിക്കുക വഴി ദഅ്വത്തിനെ മരവിപ്പിക്കാമെന്നാണ് അവർ കണക്കുകൂട്ടുന്നത്.

തീവ്രവാദത്തെ വിമർശിക്കുന്നത് ആരോടെങ്കിലുമുള്ള വിരോധം തീർക്കുവാനല്ല; അന്ധമായ സംഘടനാതാൽപര്യവുമല്ല ഭീകരവാദവിരുദ്ധമായ നിലപാടെടുക്കുവാൻ പ്രബോധകരെ പ്രേരിപ്പിക്കുന്നത്; തീവ്രവാദം ഇസ്‌ലാമിക പ്രമാണങ്ങളുടെ ആത്മാവിന് എതിരായതുകൊണ്ടാണ്. ഒപ്പം തന്നെ തീവ്രവാദികളായിത്തീരുന്ന സഹോദരങ്ങളോടുള്ള ഗുണകാക്ഷയും. ആദർശമാണെന്ന് തെറ്റിദ്ധരിച്ച് ശത്രുവിന്റെ ഇരകളായിത്തീരുന്നവരെ പ്രമാണങ്ങളുടെ വെളിച്ചത്തിൽ പിന്തിരിപ്പിക്കാൻ ശ്രമിക്കുകയെന്നത് അവരോടുതന്നെ ചെയ്യുന്ന വലിയ സേവനമാണല്ലോ. സ്വാലിഹ് നബി(അ) പറഞ്ഞതു തന്നെയാണ് നമുക്ക് നമ്മുടെ സഹോദരങ്ങളോട് പറയാനുള്ളത്:

‘‘....എന്റെ ജനങ്ങളേ, തീച്ചയായും ഞാൻ നിങ്ങൾക്ക് എന്റെ രക്ഷിതാവിന്റെ സന്ദേശം എത്തിച്ചു തരികയും ആത്മാർഥമായി ഞാൻ നിങ്ങളോട് ഉപദേശിക്കുകയുമുണ്ടായി.പക്ഷേ, സദുപദേശത്തെ നിങ്ങൾ ഇഷ്ടപ്പെടുന്നില്ല’’ (7:79).